ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 16.11.2024 **TIME : 07.25 PM**

പ്രധാന വാർത്തകൾ

1) ആറ് ദിവസത്തെ നൈജീരിയ, ബ്രസീൽ, ഗയാന സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി യാത്ര തിരിച്ചു.

PM Modi embarks on 5-day visit to Nigeria, Brazil & Guyana.

2) വോട്ട് ബാങ്ക് രാഷ്ട്രീയത്തിന് അതീതമായ കാഴ്ചപ്പാടോടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി.

Prime Minister Narendra Modi says his government aims at making India a developed country with a vision beyond vote-bank politics.

3) നിയമസഭാ തെരഞ്ഞെടുപ്പ് ചൂടിൽ ഝാർഖണ്ഡും മഹാരാഷ്ട്രയും; അവസാനവട്ട പ്രചാരണം ഊർജിതമാക്കി പാലക്കാട്.

Campaigning by political heavy weights acquires high pitch in Maharashtra, Jharkhand Assembly elections and Palakkad Bypoll.

4) ഇന്ന് ദേശീയ പത്രദിനം; പണംനൽകി സൃഷ്ടിക്കുന്ന വാർത്തകൾ സമൂഹത്തിന് വെല്ലുവിളിയെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

National Press Day being observed across the country today; Paid news has emerged as a huge threat to society says I&B Minister Ashwini Vaishnaw.

5) ഛത്തീസ്ഗഢിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ അഞ്ച് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു.

At least five maoists killed in an encounter with security forces in Chhattisgarh.

6) ഡൽഹിയിൽ വായു ഗുണനിലവാരം അതീവ ഗുരുതരമായി തുടരുന്നു.

Air quality in Delhi NCR deteriorates to enter severe category.

&&&&&&&&&&&&&&&&&&

HEAD LINE – 1

PM-THREE NATION DEPARTURE

ആറ് ദിവസത്തെ നൈജീരിയ, ബ്രസീൽ, ഗയാന സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി യാത്ര തിരിച്ചു. ജനാധിപത്യം, ബഹുസ്വരത എന്നിവയിൽ ഇരുരാജ്യങ്ങൾക്കുമുള്ള വിശ്വാസത്തിൽ അധിഷ്ഠിതമായ തന്ത്രപരമായ പങ്കാളിത്തം സ്ഥാപിക്കുന്നതിന് നൈജീരിയൻ സന്ദർശനം അവസരമൊരുക്കുമെന്ന് യാത്ര പുറപ്പെടുന്നതിന് മുൻപ് നടത്തിയ പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. 17 വർഷത്തിന് ശേഷം ഇതാദ്യമായാണ് ഇന്ത്യൻ പ്രധാനമന്ത്രി നൈജീരിയ സന്ദർശിക്കുന്നത്. യാത്രയുടെ രണ്ടാം ഘട്ടത്തിൽ ജി-20 ഉച്ചകോടിയിൽ പങ്കെടുക്കാൻ ശ്രീ നരേന്ദ്ര മോദി ബ്രസീലിലെ റിയോ ഡി ജനീറോയിൽ എത്തും. ചൊവ്വാഴ്ച ഗയാന സന്ദർശിക്കുന്ന പ്രധാനമന്ത്രി വ്യാഴാഴ്ച ഇന്ത്യയിലേക്ക് മടങ്ങും.

&&&&&&&&&&&&&&&&&&

HEAD LINE – 2

FUR. REV. PM-SUMMIT

വോട്ട് ബാങ്ക് രാഷ്ട്രീയത്തിന് അതീതമായ കാഴ്ചപ്പാടോടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുകയാണ് സർക്കാരിൻ്റെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ സ്വകാര്യ മാധ്യമ സ്ഥാപനം സംഘടിപ്പിച്ച നേതൃ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ പുരോഗതിക്കായാണ് സർക്കാർ പ്രവർത്തിക്കുന്നത്. നിക്ഷേപങ്ങളിൽ ഊന്നിയുള്ള വികസന മാതൃക പിന്തുടരുന്നതിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് രാജ്യത്തെയും ജനങ്ങളെയും പുരോഗതിയിലേയ്ക്ക് നയിക്കുക എന്നതാണു സർക്കാരിന്റെ ലക്ഷ്യമെന്നും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

HEAD LINE – 3

EVE. JHARKHAND-CAMPAIGNING

ഝാർഖണ്ഡിൽ രണ്ടാം ഘട്ട നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്നു. മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ മൂന്ന്

നിയമസഭാ മണ്ഡലങ്ങളിൽ പൊതുറാലികളെ അഭിസംബോധന ചെയ്തു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ രണ്ടിടങ്ങളിലും, ജെഎംഎം നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സോറൻ ആറിടങ്ങളിലും റാലികളിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

MAHARASHTRA-CAMPAIGN

മഹാരാഷ്ട്രയിലെ മഹായുതി സർക്കാർ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളെയും ശാക്തീകരിച്ചെന്ന് മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ബിജെപി പ്രവർത്തകരുമായി നടത്തിയ വിർച്വൽ യോഗത്തിലായിരുന്നു പ്രധാനമന്ത്രിയുടെ പരാമർശം. അതേസമയം, മഹാരാഷ്ട്ര സർക്കാർ സാമ്പത്തികനില തകിടം മറിച്ചെന്ന് കോൺഗ്രസ് നേതാവും മുൻ കേന്ദ്ര ധനമന്ത്രിയുമായ പി ചിദംബരം പറഞ്ഞു. കോൺഗ്രസിന്റെ 'മുംബൈ നമ' പ്രകടനപത്രികയും ചടങ്ങിൽ പുറത്തിറക്കി. ഈ മാസം 20നാണ് മഹാരാഷ്ട്രയിൽ നിയമസഭാ തെരഞ്ഞെടുപ്പ്.

&&&&&&&&&&&&&&&&&&

EC CONG BJP NOTICES

തെരഞ്ഞെടുപ്പ് ചട്ടലംഘന പരാതിയിൽ ബിജെപി അധ്യക്ഷൻ ജെ.പി നഡ്ഡയ്ക്കും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയ്ക്കും തെരഞ്ഞെടുപ്പ് കമ്മീഷൻ നോട്ടീസയച്ചു. മഹാരാഷ്ട്രയിലെയും ഝാർഖണ്ഡിലെയും തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ താരപ്രചാരകർ മാതൃകാ പെരുമാറ്റച്ചട്ടം ലംഘിച്ചുവെന്ന പരാതിയെ തുടർന്നാണ് നടപടി.

&&&&&&&&&&&&&&&&&&

PALAKKAD ELECTION

കേരളത്തിൽ പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് പ്രചാരണവും അവസാനഘട്ടത്തിലാണ്. എൽ.ഡി.എഫ് സ്ഥാനാർഥി P. സരിനായി മുഖ്യമന്ത്രിയും CPIM പോളിറ്റ് ബ്യൂറോ അംഗവുമായ പിണറായി വിജയൻ പ്രചാരണത്തിനെത്തി. യുഡിഎഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലിനായി കോൺഗ്രസ് നേതാക്കളായ ദീപാ ദാസ് മുൻഷി, കെ സുധാകരൻ, വി. ഡി. സതീശൻ എന്നിവരാണ് പ്രചാരണ രംഗത്ത്. എൻ.ഡി.എ

സ്ഥാനാർഥി സി.കൃഷ്ണകുമാറിന്റെ കുടുംബ യോഗങ്ങളിൽ ബിജെപി നേതാക്കളായ പി.കെ.കൃഷ്ണദാസ് , എം.ടി.രമേശ് എന്നിവരും മഹിളാ ശാക്തീകരണ യാത്രയിൽ ശോഭാ സുരേന്ദ്രനും പങ്കെടുത്തു.

&&&&&&&&&&&&&&&&&&

HEAD LINE – 4

VAISHNAW – PRESS DAY (INTRO)

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ, പ്രത്യേകിച്ച് അടിയന്തരാവസ്ഥ കാലത്ത്, മാധ്യമങ്ങൾ സുപ്രധാന പങ്ക് വഹിച്ചിരുന്നതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. ദേശീയ പത്ര ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പണംനൽകി സൃഷ്ടിക്കുന്ന വാർത്തകളും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ algorhythmic bias, നിർമിതബുദ്ധി എന്നിവയും സമൂഹത്തിന് വെല്ലുവിളിയായി മാറുകയാണെന്ന് ശ്രീ അശ്വിനി വൈഷ്ണവ് ചൂണ്ടിക്കാട്ടി.

(വോയിസ്)

വ്യാജ വാർത്തകൾ ഏറെ ആശങ്കജനകമാണെന്ന് പരിപാടിയിൽ പങ്കെടുത്ത കേന്ദ്രസഹമന്ത്രി എൽ മുരുഗൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

HEAD LINE – 5

CHHATTISGARH-MAOISTS ENCOUNTER

ഛത്തീസ്ഗഢിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ അഞ്ച് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. രണ്ട് സുരക്ഷാ ഉദ്യോഗസ്ഥർക്ക് പരിക്കേറ്റു. നാരായൺപുർ ജില്ലയിലെ അബൂഝ്മാഡ് മേഖലയിൽ മാവോയിസ്റ്റ് സാന്നിധ്യമുണ്ടെന്ന രഹസ്യവിവരത്തെത്തുടർന്ന് BSF, പ്രത്യേക ദൗത്യസേന, STF, ജില്ലാ റിസർവ് ഗാർഡ് എന്നിവയുടെ സംയുക്ത സംഘം നടത്തിയ തിരച്ചിലിനിടെയാണ് ഏറ്റുമുട്ടൽ ഉണ്ടായത്. കൊല്ലപ്പെട്ട മാവോയിസ്റ്റുകളുടെ മൃതദേഹങ്ങൾ സേന കണ്ടെടുത്തു. വൻതോതിൽ ആയുധങ്ങളും വെടിക്കോപ്പുകളും കണ്ടെടുത്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&

HEAD LINE – 6

DELHI-POLLUTION

ഡൽഹിയിൽ വായു ഗുണനിലവാരം പരിതാപകരമായി തുടരുന്നു. വായുമലിനീകരണം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ലഘൂകരിക്കാൻ, കഴിഞ്ഞ ദിവസം ഡൽഹി മുഖ്യമന്ത്രി സർക്കാർ ഓഫീസുകളുടെ പ്രവർത്തനസമയം പരിഷ്കരിച്ചിരുന്നു. സ്കൂളുകൾ ഓൺലൈൻ ക്ലാസുകളിലേക്ക് മാറുമെന്നും അറിയിച്ചു. അടുത്ത 2 ദിവസം ഡൽഹിയിൽ പുകമഞ്ഞും മൂടൽമഞ്ഞും അനുഭവപ്പെടാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പും അറിയിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

SABARIMALA – VN VASAVAN

വിർച്വൽ ക്യൂ സംവിധാനം വഴി ശബരിമല തീർത്ഥാടകർക്ക് ആദ്യ ദിനത്തിൽ സുഗമമായ ദർശനം സാധ്യമായതായി മന്ത്രി വി.എൻ.വാസവൻ. നടതുറന്ന വെള്ളിയാഴ്ച 30,000 പേരാണ് ദർശനത്തിനായി വിർച്വൽ ക്യൂ വഴി ബുക്ക് ചെയ്തിരുന്നത്. ഇതിൽ 26,942 പേർ ദർശനം നടത്തി. സ്പോട്ട് ബുക്കിങ് വഴി 1872 ഭക്തരും എത്തി. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് സന്നിധാനത്തെ വിവിധ വകുപ്പ് മേധാവിമാരുടെ അവലോകന യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&

RAIN – KERALA

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം പ്രഖ്യാപിച്ചിട്ടുണ്ട്. കേരള - കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിനു വിലക്കുണ്ട്.

&&&&&&&&&&&&&&&&&&

BIRLA – AUDIT DIVAS (INTRO)

കംട്രോളർ ആൻറ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ, CAG സുതാര്യമായാണ് പ്രവർത്തിക്കുന്നതെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. CAG യുടെ പ്രവർത്തനം ആഗോളതലത്തിൽ

അംഗീകരിക്കപ്പെട്ടതാണെന്നും ന്യൂഡൽഹിയിൽ നാലാമത് ഓഡിറ്റ് ദിന പരിപാടിയെ അഭിസംബോധന ചെയ്യവെ ലോക്സഭാ സ്പീക്കർ പറഞ്ഞു.

(വോയ്സ്)

CAG ആരംഭിച്ചതിൻറെയും ഇന്ത്യയുടെ സദ്ഭരണത്തിന് CAG വഹിക്കുന്ന പങ്കിൻറെയും ഓർമ്മപ്പെടുത്തലായാണ് എല്ലാവർഷവും നവംബർ 16 ഓഡിറ്റ് ദിനമായി ആഘോഷിക്കുന്നത്.

&&&&&&&&&&&&&&&&&

HOME MINISTRY MANIPUR

മണിപ്പൂരിൽ ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സുരക്ഷാ സേനയ്ക്ക് നിർദ്ദേശം നൽകിയതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. സമുദായങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലിനെ തുടർന്നു കഴിഞ്ഞ കുറച്ച ദിവസങ്ങളായി മണിപ്പുരിൽ ക്രമസമാധാനസ്ഥിതി ദുർബലമാണ്. കാര്യക്ഷമമായ അന്വേഷണത്തിനായി സുപ്രധാന കേസുകൾ NIA- യ്ക്ക് കൈമാറി. സുരക്ഷാ സേനയുമായി സഹകരിക്കണമെന്ന് മന്ത്രാലയം പൊതുജനങ്ങളോട് അഭ്യർഥിച്ചു.

&&&&&&&&&&&&&&&&&

DAY JHANSI-HOSPITAL FIRE

ഉത്തർപ്രദേശിലെ ഝാൻസി മെഡിക്കൽ കോളേജിൽ ഇന്നലെയുണ്ടായ തീപിടിത്തത്തിൽ മരിച്ച 10 നവജാത ശിശുക്കളിൽ മൂന്നു കുഞ്ഞുങ്ങളുടെ മൃതദേഹങ്ങൾ ഇനിയും തിരിച്ചറിയാനുണ്ടെന്ന് ഉത്തർപ്രദേശ് ഉപമുഖ്യമന്ത്രി ബ്രജേഷ് പാഠക്. ആവശ്യമെങ്കിൽ ഡിഎൻഎ പരിശോധന നടത്തുമെന്നും അദ്ദേഹം പറഞ്ഞു. മരണമടഞ്ഞ കുഞ്ഞുങ്ങളുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ ധനസഹായവും, പരിക്കേറ്റവർക്ക് 50,000 രൂപയും നഷ്ടപരിഹാരവും നൽകും.

&&&&&&&&&&&&&&&&&

IITF-MSME

ന്യൂഡൽഹിയിൽ നടക്കുന്ന 43-ാമത് ഇന്ത്യ അന്താരാഷ്ട്ര വ്യാപാര മേളയിലെ MSME പവലിയൻ കേന്ദ്ര മന്ത്രി ജീതൻ റാം

മാംത്ഡി ഉദ്ഘാടനം ചെയ്തു. ഹരിത MSME-കൾ എന്നതാണ് പവലിയന്റെ പ്രമേയം. സൂക്ഷ്മ - ചെറുകിട ഇടത്തരം സംരംഭങ്ങളിലൂടെ ഹരിത സാങ്കേതിക വിദ്യ അവലംബിക്കുകയാണ് പവലിയനിലൂടെ ഉദ്ദേശിക്കുന്നതെന്ന് മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

SL-PARLIAMENT

ശ്രീലങ്കൻ പാർലമെന്റിന്റെ ആദ്യ സമ്മേളനം വ്യാഴാഴ്ച. പ്രസിഡന്റ് അനുര ദിസനായകെയുടെ നയപ്രഖ്യാപനവും അന്നുണ്ടാകും. ഇന്നലെ നടന്ന വോട്ടെണ്ണലിൽ ദിസനായകെയുടെ NPP മികച്ച ഭൂരിപക്ഷമാണ് നേടിയത്. പുതുതായി തിരഞ്ഞെടുക്കപ്പെട്ട എംപിമാർക്കായുള്ള ശിൽപ്പശാല ഈ മാസം 25 ന് ആരംഭിക്കും.

&&&&&&&&&&&&&&&&&&

SRI LANKA-CHIEF JUSTICE

ശ്രീലങ്കൻ ചീഫ് ജസ്റ്റിസായി മുർദു ഫെർണാണ്ടോ നിയമിതയായി. ഭരണഘടന കൗൺസിൽ ഔദ്യോഗികമായി മുർദുവിന്റെ നിയമനത്തിന് അംഗീകാരം നൽകി. 2011 ന് ശേഷം ഇത് രണ്ടാം തവണയാണ് ശ്രീലങ്കയുടെ ചരിത്രത്തിൽ വനിത ചീഫ് ജസ്റ്റിസ് നിയമിതയാകുന്നത്.

&&&&&&&&&&&&&&&&&&

PUTIN-OLF TALKS

യുക്രൈനിൽ സമാധാനം പുനഃസ്ഥാപിക്കാൻ റഷ്യ മുൻകൈയെടുക്കണമെന്ന് ജർമൻ ചാൻസലർ ഒലാഫ് ഷോൾസ്. ഇന്നലെ റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിനുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിലാണ് അദ്ദേഹം ഇക്കാര്യം ആവശ്യപ്പെട്ടത്. ജനവാസകേന്ദ്രങ്ങളിൽ റഷ്യ നടത്തുന്ന വ്യോമാക്രമണത്തെ അപലപിച്ച ജർമൻ ചാൻസലർ, റഷ്യക്കെതിരായ പോരാട്ടത്തിൽ യുക്രൈനുള്ള പിന്തുണ അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&